# ഇരുപത്തിനാലു മൂപ്പൻമാർ

പാസ്റ്റർ സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റാ

**വാക്യം. 4: 4. ''വെള്ളയുടുപ്പു ധരിച്ചുകൊണ്ട് സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പൻമാർ. അവരുടെ തലയിൽ പൊൻ കിരീടം.''**

ഇവിടെ കാണുന്ന 24 മൂപ്പൻമാർ പൊൻ കിരീടവും വെള്ളവസ്ത്രവും ധരിച്ച് സിംഹാസനങ്ങളിൽ ഇരിക്കുന്നതായിട്ടാണ് യോഹന്നാൻ കാണുന്നത്. ഇവരുടെ പാട്ടു ശ്രദ്ധിക്കാമെങ്കിൽ ഇവർ ആരാണെന്ന് വ്യക്തമായി മനസ്സിലാകും. ഈ 24 മൂപ്പൻമാർ കുഞ്ഞാടായ കർത്താവായ യേശുവിനോടായിട്ട് ഇങ്ങനെ പറയുന്നു: ''നീ അറുക്കപ്പെട്ട നിന്റെ രക്തംകൊണ്ട് സര്വ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലക്ക് വാങ്ങി. ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു. അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു. '' വെളി.5: 9, 10. ഇവിടെ 'ഞങ്ങൽ' എന്ന പദത്തിന്റെ സ്ഥാനത്ത് 'അവർ' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ മൂലഭാഷയിലും ചില ഇംഗ്ലീഷ് തര്ജ്ജമയിലും ഞങ്ങൽ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഞങ്ങൽ എന്ന പദമാണ് സ്വീകാര്യം. അങ്ങനെയെങ്കിൽ അത് വായിക്കേണ്ടത് ഇപ്രകാരമാണ്. ''നീ അറുക്കപ്പെട്ട നിന്റെ രക്തംകൊണ്ട് സര്വ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ള ഞങ്ങളെ ദൈവത്തിനായി വിലക്ക് വാങ്ങി. ഞങ്ങളുടെ ദൈവത്തിന് ഞങ്ങളെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു. ഞങ്ങൽ ഭൂമിയില് വാഴും''. ഈ പാട്ടുകൊണ്ട് ഇവർ ആരെന്ന് വ്യക്തമാക്കുന്നു. ഇവർ തങ്ങളുടെ വീണ്ടെടുപ്പിനെക്കുറിച്ച് പാടുകയാണ്. ആകയാൽ ഇവർ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരാണ്. മാത്രമല്ല, അവർ ഇരിക്കുന്ന സിംഹാസനം അവരുടെ തലയിലെ പൊൻകിരീടം എന്നിവ അവർ രാജാക്കന്മാരെന്ന് കാണിക്കുന്നു. അതുപോലെതന്നെ അവർ ധരിച്ചിരിക്കുന്ന വെള്ള നിലയങ്കി, അവരുടെ കൈകളിലെ ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം (5: 8) എന്നിവ അവർ പുരോഹിതന്മാരെന്ന് വ്യക്തമാക്കുന്നു. അവരുടെ കയ്യിലെ പൊന്വീണയും അവര് പുരോഹിതന്മാരെന്ന് കാണിക്കുന്നു. ദാവീദിന്റെ കാലം തുടങ്ങി വാദ്യ സാമഗ്രികള് ഉപയോഗിച്ചു ദൈവത്തിന് സ്തുതി പാടുന്ന പുരോഹിതന്മാരെ കാണാം. ഇങ്ങനെ ഇവര് രാജാക്കന്മാരും പുരോഹിതന്മാരും എന്ന് വ്യക്തമാകുന്നു. അതേ സംഗതി തന്നെയാണ് അവരുടെ പാട്ടില് അടങ്ങിയിരിക്കുന്നത്. ''ഞങ്ങളെ രാജാക്കന്മാരും പുരോഹിതന്മാരും ആക്കിവെച്ചു'' എന്നിങ്ങനെ അവര് പാടുന്നു.

സര്വ്വ ഗോത്രത്തില് നിന്നും ജാതിയില് നിന്നും ഭാഷയില് നിന്നുമായി അറുക്കപ്പെട്ട

കുഞ്ഞാടിന്റെ വിലയേറിയ രക്തത്താല് വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ സമ്മേളനമത്രെ ഇത്. വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ ഈ മഹാഗണത്തെ 24 എന്ന സംഖ്യകൊണ്ട് വിവക്ഷിച്ചിരിക്കുന്നതിന്റെ കാരണം അവര് പുരോഹിത വര്ഗ്ഗമാകയാല് അത്രെ. ദാവീദു രാജാവിന്റെ കാലത്ത് യിസ്രയേലിലെ പുരോഹിത വര്ഗ്ഗത്തെ 24 കുറുകളായി തിരിച്ചിരിക്കുന്നു. 1.ദിന.24-ാം അദ്ധ്യായം വായിക്കുക. അത് പ്രതിരൂപം ആയിരുന്നു. ഇവിടെ പൊരുള് ആണ് നാം കാണുന്നത്.

സ്വര്ഗ്ഗത്തില് നാളുകളായി കാത്തിരുന്ന ശേഷം എത്തിയിരിക്കുന്ന ഈ മൂപ്പന്മാര് ഭൂമിയില് നിന്ന് വീണ്ടെടുത്തിരിക്കുന്നവരും കര്ത്താവിന്റെ മേഘ പ്രത്യക്ഷതയില് സ്വര്ല്ലോകത്തില് എത്തിയിരിക്കുന്ന വിശുദ്ധഗണമത്രെ. പന്ത്രണ്ടു ഗോത്രപിതാക്കന്മാരും പന്ത്രണ്ട് അപ്പോസ്തലന്മാരും അഥവാ പഴയ നിയമ വിശുദ്ധന്മാരും പുതിയ നിയമവിശുദ്ധന്മാരും അവിടെ ചെന്നു ചേര്ന്നിരിക്കുന്നുവെന്നര്ത്ഥം. തെളിവിന്നായി വെളി. 21: 12, 14 ഈ വാക്യങ്ങള് വായിക്കുക. യിസ്രയേല് മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെയും പേര് കൊടുത്തിട്ടും ഉണ്ട്. നഗരത്തിന്റെ മതിലിന് പന്ത്രണ്ടു അടിസ്ഥാനവും അതില് കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പേരും ഉണ്ട്.

ഇവിടെ കാണുന്ന പുതിയ യരുശലേം നഗരം കുഞ്ഞാടിന്റെ കാന്തയായ മണവാട്ടി വസിക്കുന്ന നഗരമാണ്. മണവാട്ടി ആ നഗരത്തിലുള്ളതിനാല് ഭവനമുള്പ്പെടെ അവളെ ദൃശ്യമാക്കുകയാണ്. 21: 2-ല് പുതിയ യരുശലേം എന്ന് രേഖപ്പെടുത്തിയിരിക്കയാല് ഇത് ഭൂമിയിലെ പഴയ യരുശലേം അല്ലെന്ന് വ്യക്തം. ആ നഗരത്തിലെ മണവാട്ടിയും അവളുടെ പാര്പ്പിടവും മണവാളനുവേണ്ടി അലങ്കരിച്ചിരിക്കുന്നതായി കാണാം. പുതിയ യെരുശലേം എന്ന നഗരം സ്വര്ഗ്ഗത്തിലെത്തുന്ന വിശുദ്ധന്മാര്ക്കായി കര്ത്താവ് നിര്മ്മിച്ചിരിക്കുന്നു.

‘‘ഞാന് നിങ്ങള്ക്ക് സ്ഥലം ഒരുക്കുവാന് പോകു ന്നു.  ഞാന് പോയി നിങ്ങള്ക്ക് സ്ഥലം ഒരുക്കിയാല് ഞാന് ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കല് ചേര്ത്തുകൊള്ളും. ’’ യോഹ. 14: 2, 3. കര്ത്താവ് സ്വര്ഗ്ഗത്തില് തന്റെ സഭയ്ക്കായി പണിതൊരുക്കിയ നഗരമാണ പുതിയ യരുശലേം. ഈ നഗരം തന്റെ മണവാട്ടിക്കായി അലങ്കരിച്ചിരിക്കുന്നു. ഈ പുതിയ യരുശലേമിന്റെ വാതില്മേലും, അടിസ്ഥാനത്തിന്മേലും പന്ത്രണ്ടു ഗോത്രങ്ങളുടെയും പന്ത്രണ്ടു അപ്പോസ്തലന്മാരുടെയും പേരുകള് കൊത്തിയിരിക്കുന്നു. ആകയാല് ഈ 24 മുപ്പന്മാര് പഴയ പുതിയ നിയമ വിശുദ്ധന്മാരുടെ കൂട്ടത്തെ കാണിക്കുന്നു.

വിശുദ്ധന്മാരുടെ ഉല്പ്രാപണത്തില് പഴയനിയമ വിശുദ്ധന്മരും ഉള്പ്പെടുന്നു. ‘‘യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ

അടുക്കല് കൂട്ടുവിന്. '' സങ്കീ. 50: 5. പഴയ നിയമ വിശുദ്ധന്മാരില് ക്രിസ്തുവിന്റെ ആത്മാവുണ്ടായിരുന്നു എന്ന് വ്യക്തമായി വചനം പറയുന്നു. 1.പത്രോ. 1: 11. പുതിയ നിയമ കാലയളവിലുള്ളവര് പുറകോട്ടു നോക്കി കാല്വറിയെ ദര്ശിച്ചു രക്ഷപ്രാപിക്കുമ്പോള്, പഴയ നിയമ വിശുദ്ധന്മാര് വിശ്വാസത്താല് മുന്നോട്ടു നോക്കി കാല്വറിയെ ദര്ശിച്ച് രക്ഷ പ്രാപിക്കുകയായിരുന്നു. അവരില് ക്രിസ്തുവിന്റെ ആത്മാവുണ്ടായിരിക്കെ, ക്രിസ്തുവിന്റെ ശബ്ദം അവരുടെയും കാതുകളില് ധ്വനിക്കും എന്നത് നിശ്ചയമാണ്. ആകയാല് കര്ത്താവിന്റെ രണ്ടാം വരവില് അവരും അക്ഷയരായി ഉയിര്ക്കുക തന്നെ ചെയ്യും. അങ്ങനെ ഹാബേല് മുതല് ക്രിസ്തുവിന്റെ പുനരാഗമനം വരെ മരിച്ചു മണ്മറഞ്ഞ എല്ലാ വിശുദ്ധന്മാരും ഉയിര്ക്കുകയും ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാര് രൂപാന്തിരം പ്രിപിക്കുകയും ചെയ്ത് കരത്താവിനെ എതിരേല്പ്പാന് മേഘങ്ങളില് എടുക്കപ്പെടും. അവര് സ്വര്ഗ്ഗത്തില് സിംഹാസനങ്ങളില് ഇരിക്കും.

എബ്രായര് 11-ന്റെ 26-ാം വാക്യത്തില് മോശെ മിസ്രയിമിലെ നിക്ഷേപങ്ങളെക്കാള് ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി എന്ന് നാം വായിക്കുന്നു. പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുക്രിസ്തുവിന്റെ പുതിയ ഉടമ്പടിയുടെ അടിസ്ഥാനത്തില് ആണ് പഴയ പുതിയ നിയമ വിശുദ്ധന്മാരുടെ വീണ്ടെടുപ്പ്. ക്രിസ്തു മുഖാന്തിരം വീണ്ടെടുക്കപ്പെട്ടവരും, വീണ്ടെടുക്കപ്പെടാനുള്ളവരും ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങള്ക്കും യേശുക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളാണ്. എഫേ.2: 18; 3: 6; 4: 4-6; കൊലൊ. 3: 11. ഈ വാക്യങ്ങള് പ്രകാരം ക്രിസ്തുവില് സകലരും തുല്യരാണ്. ''നിങ്ങളെ വിളിച്ചപ്പോള് ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കര്ത്താവ് ഒരുവന്, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവര്ക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനായി എല്ലാവര്ക്കും ദൈവവും പിതാവുമായവന് ഒരുവന് '' എന്നാണ്. എഫേ. 4: 4-6. കര്ത്താവിന്റെ ഒന്നാമത്തെ വരവു മുഖാന്തിരം സകല കാലങ്ങളിലേയും വിശുദ്ധന്മാരുടെ വീണ്ടെടുപ്പ് സാധ്യമായി തീര്ന്നു. അതിനാല് തന്നെ കര്ത്താവിന്റെ രണ്ടാമത്തെ വരവ് എന്നത് സകല കാലങ്ങളിലേയും വിശുദ്ധന്മാരുടെ ഏക പ്രത്യാശയായി നിലകൊള്ളുന്നു. പഴയ നിയമ വിശുദ്ധന്മാരുടെ വീണ്ടെടുപ്പിന്റെ പൂര്ത്തീകരണവും തേജസ്കരണവും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലാണ് നടക്കുന്നത്.

പഴയ നിയമ വിശുദ്ധന്മാരുടെ പ്രത്യാശയായിരുന്നു കര്ത്താവിന്റെ വരവ് എന്നുള്ളത്. ''ആദാം മുതല് ഏഴാമനായ ഹനോക്കും ഇവരെക്കുറിച്ച് ഇതാ കര്ത്താവ് എല്ലാവരെയും വിധിപ്പാനും....ആയിരിം ആയിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു. യൂദാ. 14, 15. പഴയ നിമയകാലത്തെ വിശുദ്ധനായിരുന്ന ഹാനോക്ക് അപ്രകാരമായിരുന്നുവെങ്കില് പുതിയ നിയമത്തില് പൗലോസ് പറയുന്നത് ഇപ്രകാരമാണ്. നമ്മുടെ പന്ത്രണ്ടു

ഗോത്രങ്ങളും രാപ്പകല് ശ്രദ്ധയോടെ ആരാധിച്ചുകൊണ്ട് എത്തിപ്പിടിപ്പാന് ആശിച്ചതും ആയ വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രെ ഞാന് ഇപ്പോള് വിസ്താരത്തില് ആയിരിക്കുന്നത്. ആ പ്രത്യാശയെ ചൊല്ലി ആകുന്നു രാജാവേ, യഹൂദന്മാര് എന്റെ മേല് കുറ്റം ചുമത്തുന്നത്. പ്രവൃത്തി. 26: 7. കര്ത്താവ് ശക്തിയോടും മഹാതേജസ്സോടു കൂടെ മേഘത്തില് വരുന്നത് കാണുവാന് തക്കവണ്ണം വീണ്ടെടുപ്പിനുവേണ്ടി നിവര്ന്ന് തലപൊക്കിയവരായിന്നു പഴയ നിയമ വിശുദ്ധന്മാര്. ലൂക്കോ. 21: 27, 28. കാരണം പഴയ നിയമ വിശുദ്ധന്മാര് യാഗം കഴിച്ച് ദൈവത്തോട് നിയമം ചെയ്തവരാണ്. സങ്കീ. 50: 5. ആകയാല് കര്ത്താവിന്റെ വരവിങ്കല് പഴയ പുതിയ നിയമ വിശുദ്ധന്മാര് ഉയിര്ക്കുകയും ജീവനോടെ ശേഷിക്കുന്നവര് രൂപാന്തിരപ്പെടുകയും പ്രതിഫലങ്ങള് പ്രാപിക്കുകയും ചെയ്യും.

എഫേസ്യര് 2: 12-ല് അക്കാലത്തു നിങ്ങള് ക്രിസ്തുവിനെ കൂടാതെയുള്ളവര്ക്കും യിസ്രയേല് പൗരതയൊട് സംബന്ധമില്ലാത്തവരും വാഗ്ദത്തിന്റെ നിയമങ്ങള് അന്യരും പ്രത്യാശയില്ലാത്തവരും....ഓര്ത്തുകൊള്വിന്. വാക്യം 13-ല് “ മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങള് ഇപ്പോള് ക്രിസ്തുയേശുവില് ക്രിസ്തുവിന്റെ രക്തത്താല് സമീപസ്ഥരായിത്തീര്ന്നു.” വാക്യം 14-ല് “ അവന് ഇരുപക്ഷത്തെയും ഒന്നാക്കി. വേര്പാടിന്റെ നടുച്ചുവര് ഇടിച്ചുകളഞ്ഞു.” വാക്യം 16-ല് “ ക്രൂശില് വച്ചു ശത്രുത്വം ഇല്ലാതാക്കി. അതിനാല് ഇരുപക്ഷത്തെയും ഏകശരീരത്തില് ദൈവത്തോടു നിരപ്പിപ്പാനും തന്നെ.” വാക്യം. 18-ല് “ അവന് മുഖാന്തിരം നമുക്ക ഇരുപക്ഷക്കാര്ക്കും ഏകാത്മാവിനാല് പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്.” വാക്യ 21-ല് “ അവനില് കെട്ടിടം മുഴുവനും യുക്തമായി ചേര്ന്നു കര്ത്താവില് വിശുദ്ധ മന്ദിരമായി വളരുന്നു.” എന്നിങ്ങനെ നാം വായിക്കുന്നു.

ഹാബേല് മുതലുള്ള പഴയ നിയമവിശുദ്ധന്മാരുടെ ഒരു നീണ്ട പട്ടിക എബ്രായര് 11-ല് നാം കാണുന്നു. 40-ാം വാക്യത്തില് “ അവർ നമ്മേ കൂടാതെ രക്ഷാ പൂര്ത്തി പ്രാപിക്കാതിരിക്കേണ്ടതിന് നമുക്ക് വേണ്ടി ഏറ്റവും നല്ലൊതൊന്നു മുന്കരുതിയിരുന്നു.” എന്ന് കാണുന്നു. പഴയനിയമ വിശുദ്ധന്മാരോടു കൂടെ സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതാണ് “ഏറ്റവും നല്ലതൊന്നു” എന്ന് പറയുന്നത്. കര്ത്താവിന്റെ വരവിങ്കല് ക്രിസ്തുവില് മരിച്ചവര് മുമ്പെ ഉയിര്ത്തെഴുന്നേല്ക്കുന്നു. എന്നാല് അവര് അന്നേരം തന്നെ എടുക്കപ്പെടുന്നില്ല. ജീവനോടെ ശേഷിക്കുന്നവര് രൂപാന്തരപ്പെടുന്നു. ഇവര് എല്ലാവരും ഒരുമിച്ചാണ് സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നത്. ഈ രക്ഷാപൂര്ത്തി ഒരുമിച്ച് നടക്കുന്നതിനാല് അത് “ഏറ്റവും നല്ലതൊന്നു” എന്നാണ് എബ്രായ ലേഖന കര്ത്താവ് വിശേഷിപ്പിച്ചിരിക്കുന്നത്. എബ്രായ 11: 35ല് “മറ്റു ചിലര് “ഏറ്റവും നല്ലൊരു ഉയര്ത്തെഴുന്നേല്പ്പ് ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം എറ്റു “ എന്ന് നാം വായിക്കുന്നു. ഏറ്റവും നല്ല ഉയിര്ത്തെഴുന്നേല്പ്പ്, ഏറ്റവും നല്ല രക്ഷാപൂര്ത്തീകരണം. ഹാബേല് മുതലുള്ള സകല

വിശുദ്ധന്മാരുമായി രക്ഷാപൂര്ത്തികരണം പ്രാപിച്ച് സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെടുന്ന ആ സന്ദര്ഭം എത്രയോ സന്തോഷകരമേറിയതാണ്. അബ്രഹാം, മോശെ, ഏലിയാവ്, ദാനിയേല്, പൗലൂസ്, പത്രോസ്, സ്തേഫാനോസ് എന്നിവരെല്ലാം ഒന്നിച്ച് എടുക്കപ്പെടുന്ന "ആ ഏറ്റവും നല്ലതൊന്ന് " എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആ സന്ദര്ഭം എത്ര ആഹ്ലാദമായിരിക്കും. ആകയാല് സ്വര്ഗ്ഗത്തില് 24 സിംഹാസനങ്ങളില് കാണുന്ന 24 മൂപ്പന്മാര് പഴയ നിയമ വിശുദ്ധന്മാരുടെയും പുതിയ നിയമ വിശുദ്ധൻമാരുടെയും കൂട്ടമത്രെ.

സഭയെ 24 എന്ന സംഖ്യയോട് എന്തിന് പ്രാതിനിധ്യം ചെയ്യുന്നു എന്നൊരു ചോദ്യം ഉന്നയിക്കാറുണ്ട്. സാദൃശ്യങ്ങളാല് പ്രദര്ശിപ്പിച്ചു കാണിക്കുന്നത് വെളിപ്പാട് പുസ്തകത്തിന്റെ പ്രത്യേകതയാണ്. കുതിര അന്തിക്രിസ്തുവിനെയും (6: 2), സ്ത്രീ വ്യാജസഭയേയും (17: 3), പ്രതിനിധീകരിക്കുന്നതിന് ഉദാഹരണമാണ്. 1 ദിന 24, 25 അദ്ധ്യായങ്ങളില് കാണുന്ന പ്രാതിനിധ്യം വെളിപ്പാടിലെ സാദൃശ്യത്തിന് നിഴലായി എടുക്കാം. ദാവീദ് പുരോഹിതന്മാരെ 24 കൂറുകള് അഥവാ ക്രമങ്ങളായി വിഭജിച്ചു. ഓരോ കൂറും തങ്ങളുടെ ക്രമം അനുസരിച്ച് ശുശ്രൂഷ ചെയ്തു വന്നു. ലൂക്കോ. 1: 5-8. ലേവ്യ പൗരോഹിത്യത്തെ മൊത്തമായും 24 പുരോഹിതന്മാര് പ്രതിനിധാനം ചെയ്തിരുന്നു. കര്ത്താവിന്റെ വിശുദ്ധന്മാര് രാജകീയ പുരോഹിത വര്ഗ്ഗം ആണ്. 1. പത്രോ. 2: 5, 9. ഇവിടെ കാണുന്ന 24 സാദൃശ്യസംഖ്യ പുരോഹിത വര്ഗ്ഗമാകുന്ന സഭയെ പ്രതിനിധാനം ചെയ്യുന്നു.

മൂപ്പന് എന്ന പേര് ദൂതന്മാര്ക്കോ, സ്വര്ഗ്ഗ ജീവികള്ക്കോ ഒരിടത്തുപോലും ഉപയോഗിച്ചിട്ടില്ല. 1. തിമോ. 5: 21 -ല് ശ്രേഷ്ഠന്മാര് എന്നത് തെരഞ്ഞെടുക്കപ്പെട്ട ദൂതന്മാര് എന്നതാണ് ശരിയായ തര്ജ്ജിമ. പ്രത്യേക ആവശ്യങ്ങള്ക്കായി തെരഞ്ഞെടുക്കപ്പെട്ട ദൂതന്മാരുണ്ട്. അവരാരും മൂപ്പന്മാരല്ല. ശ്രേഷ്ഠ ദൂതന് എന്നതും മൂപ്പന് അല്ല. പുതിയ നിയമ സഭയിലെ ഉത്തരവാദിത്വം വഹിക്കുന്നവര് മൂപ്പന്മാര് എന്ന പേരില് അറിയപ്പെടുന്നതിനാല് സഭയുമായാണ് ഈ പദത്തിന് ബന്ധപ്പെള്ളത്. പ്രവൃത്തി. 14: 23; 20 : 17; തീത്തോ. 1; 5; 1. പത്രോ. 5: 1. മൂപ്പന്മാരെക്കുറിച്ച് വെളിപ്പാടില് 12 പ്രാവശ്യം പരാമര്ശിച്ചിട്ടുള്ള്.

കൂടാതെ മൂപ്പന്മാര്ക്ക് ഇരിപ്പിടങ്ങള് കൊടുത്തിരിക്കുന്നു. ദൂതന്മാരും സ്വര്ഗ്ഗീയ ജീവികളും നില്ക്കുന്നതായും പറക്കുന്നതായും മറ്റുമാണ് തിരുവചനത്തില് കാണുന്നത്. 1. രാജാ. 22: 19; ലൂക്കോ. 1: 19; യശ. 6: 2. വെളി. 4: 6. വീഴ്ച ഭവിക്കുന്നതിന് മുമ്പ് ലൂസിഫറിന് മാത്രം സിംഹാസനം ഉണ്ടായിരുന്നു. യശ. 14: 13. അവന് ഭരണാധികാരം ഉണ്ടായിരുന്നതുകൊണ്ടാണ് സിംഹാസനം കൊടുക്കപ്പെട്ടത്. അവനു ശേഷമുള്ള ഒരു ദൂതനും സിംഹാസനമോ, ഭരണാവകാശമോ ഇല്ല. എന്നാല് വിശുദ്ധന്മാര്

ഇരുന്നു ന്യായം വിധിക്കുന്നു. മത്താ. 19: 28; 1. കൊരി. 6: 2; വെളി. 3: 21; 20: 4.

മൂപ്പന്മാര് വെള്ളയുടുപ്പ് ധരിച്ചിരിക്കുന്നു. വെള്ളയുടുപ്പ് പ്രതിഫലമാണ്. 3: 5. മൂപ്പന്മാര് കിരീടങ്ങള് ധരിച്ചിരിക്കുന്നു. 4: 11. കിരീടങ്ങള് പ്രതിഫലങ്ങളാണ്. 1. കൊരി. 9: 25; 2. തിമോ. 4: 8; യാക്കോ. 1: 12. ഇപ്പോള് മൂപ്പന്മാര് ധരിച്ചിരിക്കുന്നത് പ്രതിഫലമായ കിരീടങ്ങള് ആണ്. വാഴ്ച കര്ത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്ക് ശേഷമാണ്. വെള്ളയുടുപ്പും അലങ്കാരങ്ങളും ദൂതന്മാര്ക്ക് ഉണ്ട്. ഇരിപ്പിടങ്ങള് അവര്ക്കില്ല. മൂപ്പന്മാര് എന്ന പേര് ദൂതന്മാര്ക്ക് യോഗ്യമല്ല. ആകയാല് 24 മൂപ്പന്മാര് എന്ന പദം യോജിക്കുന്നത് സഭയോടുള്ള ബന്ധത്തിലാണ്.

വെളി. 5: 5; 7: 13 എന്നീ ഭഗങ്ങളില് മൂപ്പന്മാര് യോഹന്നാന്റെ മേല് അധികാരം ഉപയോഗിക്കുന്നത് യോഹന്നാന് ഇപ്പോഴും തേജസ്കരണം പ്രാപിച്ചിട്ടില്ലാത്തതുകൊണ്ടാണ്. യോഹന്നാന് കരയുന്നതും (5: 4) പരിജ്ഞാനപൂര്ത്തി ഇല്ലാതിരിക്കുന്നതും (7: 13, 14) ഇപ്പോഴും ശരീരത്തില് വസിക്കുന്നതിനാല് ആണ്. പുനരുത്ഥാനത്തിലോ, രൂപാന്തരീകരണത്താലോ, സ്വര്ഗ്ഗവാസികളായി തീര്ന്ന ആര്ക്കും യോഹന്നാനെപ്പോലെ ശരീരത്തില് വസിക്കുന്ന ആരുടെയും സംശയം ദുരീകരിക്കുന്നതിനും സ്വര്ഗ്ഗീയ കാര്യങ്ങളെക്കുറിച്ച് അധികാരത്തോടെ സംസാരിക്കുന്നതിനും സാധിക്കും. 7: 14ല് യോഹന്നാന് മൂപ്പന്മാരില് ഒരുത്തനെ യജമാനന് എന്ന് വിളിച്ചത് ഈ വസ്തുതയെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ശരീരത്തില് വസിക്കുന്ന യോഹന്നാന് വേറെയും തെറ്റുകള് ചെയ്യുന്നുണ്ട്. 19: 10; 22: 8.

മൂപ്പന്മാര് സഭ ആണെങ്കില് യോഹന്നാന് സഭയില് ഉള്പ്പെടാതിരിക്കുന്ന് എന്ത് എന്ന ചോദ്യം ഉന്നയിക്കപ്പെടാം. സഭ പുതിയ യെരുശലേം എന്ന നഗരത്തില് ഇറങ്ങി വരുന്നതുപോലും (അദ്ധ്യായം 21) യോഹന്നാന് പുറത്തുനിന്നു കൊണ്ടാണ് കാണുന്നത്. അതിന്റെ അര്ത്ഥം യോഹന്നാന് പുതിയ യെരൂശലേമിന് പുറത്തായിരിക്കും എന്നല്ല. പ്രദര്ശന സമയത്ത് ഇങ്ങനെ വേര്തിരിവ് കാണുന്നു എന്നേയുള്ളൂ.

മൂപ്പന്മാരെയും സഭയേയും വേര്തിരിച്ച് പറഞ്ഞിരിക്കുന്നു എന്ന വാദത്തിനാധാരമായ 19: 1-9-ല് ഏഴു ഗണത്തില്പ്പെട്ടവരെ കാണുന്നുണ്ട്. ഒന്നാം വാക്യത്തില് മഹാഘോഷം ചെയ്യുന്നവര് നാലാം വാക്യത്തില് മൂപ്പന്മാര്, ജീവികള്, സിംഹാസനത്തില് നിന്നും പറയപ്പെട്ട ശബ്ദത്തിന് ഉടമയായവര്, ആറാം വാക്യത്തില് ഘോഷിക്കുന്നവര്, ഏഴാം വാക്യത്തില് കാന്ത, എട്ടാം വാക്യത്തില് ക്ഷണിക്കപ്പെട്ടവര്. ഇതില് ഏതെല്ലാം ഗണത്തെ ആവര്ത്തിച്ചു പറഞ്ഞിരിക്കുന്നു എന്നു വ്യക്തമല്ല. ഒന്നാം വാക്യത്തില് ഘോഷിക്കുന്നവര്ക്കും ആറാം

വാക്യത്തില് ഘോഷിക്കുന്നവരും ഒരു കൂട്ടര് തന്നെ. നാലാം വാക്യത്തിലെ മൂപ്പന്മാര് ഏഴാം വാക്യത്തിലെ കാന്ത ആണ്. കാന്തയുടെ പ്രവൃത്തികള്ക്കുള്ള വിശേഷ വസ്ത്രം അഥവാ പ്രതിഫലങ്ങള് അണിഞ്ഞവരായി മൂപ്പന്മാര് ഒഴികെ വേറെ ആരെയും വെളിപ്പാടില് കാണുന്നില്ല. അതുവരെ കാന്തയെ പ്രതിനിധാനം ചെയ്തത് മൂപ്പന്മാരായിരുന്നതിനാലാണ് 19: 7-ല് കാന്തയെ വെളിപ്പെടുത്തിയ ശേഷം മൂപ്പന്മാരുടെ പ്രാതിനിധ്യം ഇല്ലാതാകുന്നത്.

പന്ത്രണ്ടു പഴയനിയമ ഗോത്രങ്ങളും പന്ത്രണ്ട് അപ്പോസ്തലന്മാരും ചേര്ന്നുള്ള 24 എന്ന സംഖ്യ പഴയനിയമ-പുതിയ നിയമ വിശുദ്ധന്മാരെ പ്രതിനിധീകരിക്കുന്നതാണ് 24 മൂപ്പന്മാര്. പഴയതും പുതിയതും തമ്മിലുള്ള ഒത്തുചേരല് വെളിപ്പാടിലെ പ്രത്യേകതയാണ്. പഴയ-പുതിയ സമ്മേളനത്തിന്റെ ഉദാഹരണമാണ് 21: 12-14-ല് പുതിയ യെരൂശലേമിന്റെ ഗോപുരങ്ങളില് പന്ത്രണ്ടു ഗോത്രങ്ങളുടെ പേരും അടിസ്ഥാനത്തല് പന്ത്രണ്ടു അപ്പോസ്തലന്മാരുടെ പേരും കാണുന്നത്. ആകയാല് വെളിപ്പാട് 4: 4-ല് കാണുന്ന സിംഹാസനങ്ങളില് ഇരിക്കുന്ന 24 മൂപ്പന്മാര് പഴയനിയമവിശുദ്ധന്മാരും പുതിയ നിയമ വിശുദ്ധന്മാരും ഉള്പ്പെട്ടിരിക്കുന്ന സമ്മേളനമാണ് അത്. അവര് പ്രതിഫലം വാങ്ങി ഇരിക്കുന്ന കാഴ്ചയാണ് കാണുന്നത്.

ജീവകിരീടം, പ്രശംസാ കിരീടം, നീതിയുടെ കിരീടം, തേജസ്സിന്റെ കിരീടം കൂടാതെ പ്രശംസകള്, താലന്തുകള്, റാത്തലുകള് (മത്താ. 25: 14-23; മത്താ. 13: 43; ലൂക്കോ. 12: 37) എന്നിവയാണ്. ഇവകൂടാതെ വെളി. 2, 3 അദ്ധ്യായങ്ങളില് പറയുന്ന ചില പ്രതിഫലങ്ങള് കൂടെയുണ്ട്. ജീവവൃക്ഷഫലം 2: 7, മറഞ്ഞിരിക്കുന്ന മന്ന, വെള്ളക്കല്ലും പുതിയ പേരും 2: 17, ജാതികളുടെ മേലുള്ള വാഴ്ച 2: 25-29, വെള്ളയുടുപ്പ്. 3: 5, ദൈവാലയത്തിലെ തൂണ്, ദൈവനാമം എഴുതപ്പെട്ട പുതിയ യരൂശലേമിന്റെ പേര് ധരിക്കുക, കര്ത്താവിന്റെ നാമം ധരിക്കുക 3: 12, 13, കര്ത്താവിന്റെ സിംഹാസനങ്ങളില് ഇരിക്കുക എന്നിവയാണ് അവ.